പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3041 — 22.6.2012-ൽ മറുപടിയ്ക്ക്

പച്ചക്കറിയുടെ വില വർദ്ധനവ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീമതി കെ. എസ്. സലീഖ : | | ശ്രീ . കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) | പച്ചക്കറിയുടെ വില വർദ്ധനവ് നിയന്ത്രിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) | പച്ചക്കറിയുടെ വില വർദ്ധനവ് നിയന്ത്രിക്കുന്നതിനായി ഹോർട്ടികോർപ്പിന്റെ നിലവിലുള്ള 98 സ്റ്റാളുകൾക്ക് പുറമെ സപ്ളൈകോയുടെ സഹകരണത്തോടെ 32 ഹരിത വെജിറ്റബിൾ കോർണ്ണറുകളും ആരംഭിച്ചിട്ടുണ്ട്. ഇതിനു പുറമെ വി.എഫ്.പി.സി.കെ.യും എറണാകുളം, തിരുവനന്തപുരം എന്നീ ജില്ലകളിൽ ഓരോ ബിഗ് ബസാർ ഉൾപ്പെടെ 27 സ്റ്റാളുകൾ പ്രസ്തുത പരിപാടിയുടെ ഭാഗമായി നടപ്പിലാക്കുന്നുണ്ട് • കമ്പോളവിലയേക്കാൾ 30 % വില കുറച്ചാണ് പ്രസ്തുത സ്റ്റാളുകളിൽ വിപണനം നടത്തുന്നത്. |
| (ബി) | വിപണിയിൽ ഹോർട്ടികോർപിന്റെ ഇടപെടൽ ദുർബലമായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ഹോർട്ടികോർപ്പ് വിപണിയിൽ നല്ല രീതിയിൽ ഇടപെടുന്നുണ്ട്. കൃഷി വകുപ്പിന്റെ കീഴിലുള്ള എല്ലാ മൊത്ത വ്യാപാര വിപണികളിലും കർഷകർ കൊണ്ടുവരുന്ന ഉൽപന്നങ്ങൾ പരമാവധി ലേലത്തിലൂടെ സംഭരിക്കുന്നുണ്ട്. 2012 മേയ് രണ്ടാം വാരം മുതൽ കമ്പോളത്തിൽ പച്ചക്കറികളുടെ വില ഉയർന്ന സാഹചര്യത്തിൽ 30 % സബ്സിഡിയിൽ ഉപഭോക്താക്കൾക്ക് പച്ചക്കറികൾ വിപണനം നടത്തി വരുന്നു.<br>ഇതിനു പുറമെ കൺസ്യൂമർഫെഡ്, ഇൻഡ്യൻ ഓയിൽ കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളുമായി സഹകരിച്ച് കൂടുതൽ |

| | | | |
|---|---|---|---|
| | | | വിപണന കേന്ദ്രങ്ങൾ ആരംഭിക്കുവാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. |
| (സി) | ഹോർട്ടികോർപ്പ് വഴി വിതരണം ചെയ്യുന്ന പച്ചക്കറിയുടെ വിലനിലവാരം 2010 മുതൽ 2012 വരെയുള്ള ഓരോ വർഷവും തമ്മിൽ താരതമ്യം ചെയ്തതിന്റെ പട്ടിക ലഭ്യമാക്കുമോ ; | (സി) | ശേഖരിച്ചു നൽകുന്നതാണ്. |
| (ഡി) | പച്ചക്കറി സമൃദ്ധി നാടിനും നഗരത്തിനും എന്ന ലക്ഷ്യത്തോടെ നടപ്പിൽ വരുത്തിയ പ്രസ്തുത പദ്ധതിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ ? | (ഡി) | പച്ചക്കറി സമൃദ്ധി നാടിനും നഗരത്തിനും എന്ന പദ്ധതി 2011-12-ൽ എസ്.എച്ച്.എം.മുഖേനയാണ് നടപ്പിലാക്കിയിട്ടുള്ളത്. സംസ്ഥാന ഹോർട്ടികൾച്ചറൽ മിഷൻ ആർ.കെ.വി.വൈ ഫണ്ടുപയോഗിച്ചു കൊണ്ട് തിരുവനന്തപുരത്ത് '' പച്ചക്കറി സമൃദ്ധി നാടിനും നഗരത്തിനും '' എന്ന മുദ്രാവാക്യം ഉയർത്തി നടപ്പിലാക്കിയ വെജിറ്റബിൾ ഇൻഷ്യേറ്റീവ് ഫോർ പെരി അർബൻ ക്ളസ്റ്റേഴ്സ് പദ്ധതിയിൽ 2011-12 വർഷത്തിൽ 10.70 കോടി രൂപ ചെലവഴിച്ചുകൊണ്ട് താഴെ പറയുന്ന ഘടകങ്ങൾ നടപ്പിലാക്കുകയുണ്ടായി - 127 കർഷക പരിശീലനങ്ങൾ 6 ലക്ഷം നടീൽ വസ്തുക്കളുടെ ഉൽപാദനം, 450 ഹെക്ടറിൽ കർഷക കൂട്ടായ്മ രൂപീകരണം, 25 സ്കൂളുകളിൽ ജൈവ പച്ചക്കറിത്തോട്ടവും 9 സ്കൂളുകളിൽ യന്ത്രവൽക്കരണവും 423.28 ഹെക്ടറിൽ തുറസ്സായ കൃഷി , 16 ഹെക്ടറിൽ ഹൈബ്രിഡ് പച്ചക്കറി കൃഷി 630 ഹെക്ടർ സ്ഥലത്ത് സംയോജിത കീട രോഗ നിയന്ത്രണം , 2500 അടുക്കളത്തോട്ടം, 30000 വീടുകളിൽ മട്ടുപ്പാവ് കൃഷി , 2000 സ്ക്വയർ മീറ്ററിൽ സംരക്ഷിത കൃഷി, കൂൺ കൃഷി , 10 സഞ്ചരിക്കുന്ന വിൽപന ശാലകൾ , 36 മണ്ണിര കമ്പോസ്റ്റ് നിർമ്മാണം, 3 സീഡ് വെൻഡിംഗ് യൂണിറ്റ്. |

സെക്ഷൻ ഓഫീസർ